ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ എന്തെല്ലാമാണ്;

(ബി) ആഗോളവൽക്കരണം സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളെ ഏതുവിധം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആഗോളവൽക്കരണത്തോടൊപ്പം ആധുനികവൽക്കരണം നടത്തുവാൻ സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം പരിപാടികളാണുള്ളത്;

(ഡി) പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണത്തെ സഹായിക്കുന്നതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്?

ഉത്തരം

(എ) കയർ, കൈത്തറി, ഈറ്റ പനമ്പ്, കരകൗശലം, കശുവണ്ടി എന്നീ വ്യവസായങ്ങളെയാണ് പ്രധാനമായും പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉത്തരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) ചോദ്യം (ബി)ക്കുള്ള ഉത്തരം അനുബന്ധം 2-ൽ ചേർത്തിട്ടുണ്ട്.

(ഡി) കയർ : 125 യന്ത്രവൽകൃത കയർപിരി യൂണിറ്റുകളും 58 ചകിരി നിർമ്മാണ മില്ലുകളും സ്ഥാപിക്കുന്നതിനുള്ള തുക പദ്ധതി നടത്തിപ്പിൽ ചുമതലയുള്ള കയർഫെഡിനു നൽകിക്കഴിഞ്ഞു. പദ്ധതിയുടെ നടത്തിപ്പിലുണ്ടാകാവുന്ന അധിക ചെലവു വഹിക്കുന്നതിനായി നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കയറുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കാൻ 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൈത്തറി : ഏകദേശം .8 കോടി രൂപ (4 കോടി ഗ്രാന്റ്+ 4 കോടി വായ്പ) ഇനത്തിൽ ആധുനികവൽകരണത്തിനായി 99-2000 സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കപ്പെടുന്നതാണ്.

ഈറ്റ-പനമ്പു വ്യവസായം : കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ പ്രത്യേക തുക നീക്കിവച്ചിട്ടില്ല.

കശുവണ്ടി : വ്യവസായ രംഗത്ത് 'കാപ്പക്സി'നായി 50 ലക്ഷം രൂപയും കശുവണ്ടി വികസന കോർപ്പറേഷന് 5 കോടിരൂപയും. കരകൗശല വികസന കോർപ്പറേഷന് 50 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

10 (584) കേരള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര രൂപയുടെ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിക്ക് ആകെ എത്ര ചെലവാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) താഴെ പറയുന്ന പദ്ധതികൾ കിൻഫ്ര നേരിട്ട് നടപ്പിലാക്കിവരുന്നു:-

(1) തിരുവനന്തപുരത്ത് തുമ്പയിൽ കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്.

(2) തിരുവനന്തപുരത്ത് തുമ്പയിൽ ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് സെന്റർ.

(3) കഴക്കൂട്ടത്ത് ഫിലിം വീഡിയോ പാർക്ക്.

(4) എറണാകുളത്ത് കാക്കനാട്ടെ കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്.

(5) മലപ്പുറത്ത് കാക്കഞ്ചേരിയിലെ ഫുഡ് പ്രോസസിംഗ് പാർക്ക്.

(6) മലപ്പുറത്ത് കാക്കഞ്ചേരിയിലെ ഇൻഫർമേഷൻ ടെക്നോളജി പാർക്ക്.

(7) കാസർകോട് ജില്ലയിലെ ശീതഗോളി, കണ്ണൂർ ജില്ലയിലെ തലശ്ശേരി, എറണാകുളം ജില്ലയിലെ മഴുവന്നൂർ എന്നിവിടങ്ങളിലെ ചെറുകിട വ്യവസായ പാർക്കുകൾ.

കിൻഫ്ര സംയുക്ത മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

(1) റബ്ബർ ബോർഡുമായി ചേർന്ന് എറണാകുളം ജില്ലയിൽ ഐരാപുരത്ത് റബ്ബർ പാർക്ക്.

(2) വെസ്റ്റേൺ ഇൻഡ്യയുമായി ചേർന്ന് കഞ്ചിക്കോട്ട് ഒരു ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് സെന്റർ.

(3) എം.പി.ഇ.ഡി.ഐ. (മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട് ഡവലപ്മെന്റ് അതോറിറ്റി)യുമായി ചേർന്ന് ആലപ്പുഴ അരൂരിൽ മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ.

(4) ഐ.സി.ഐ.സി.ഐ.യുമായി ചേർന്ന് ഐ-കിൻ എന്ന കൺസൾട്ടൻസി സ്ഥാപനം.

(ബി) അടുത്ത സാമ്പത്തികവർഷം തൃശ്ശൂരിലെ കൊരട്ടി, പത്തനംതിട്ടയിലെ കുന്നന്താനം, വയനാട് എന്നിവിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകളും ഇടുക്കിയിൽ ഹെർബൽ വില്ലേജും ആരംഭിക്കുവാൻ പദ്ധതിയുണ്ട്.

(സി) 1998-99 വരെ ഈ പദ്ധതിയുടെ ചെലവ് താഴെപ്പറയുന്ന പ്രകാരമാണ്.

വർഷം	കേന്ദ്ര വിഹിതം	സംസ്ഥാന വിഹിതം
1993-94	-	9.831 കോടി
1994-95	-	23.20 കോടി
1995-96	6.86 കോടി	20.00 കോടി
1996-97	76 ലക്ഷം	16.94 കോടി
1997-98	3.26 കോടി	14.40 കോടി

LIBRARY ARCHIVES Kerala Legislative Assembly

1998-99 2.55 കോടി 21.5 കോടി

1999-2000-ൽ കേന്ദ്ര വിഹിതമായ 1 കോടി രൂപയും സംസ്ഥാന വിഹിതമായ 19.0 കോടി രൂപയും ഈ പദ്ധതിക്കുവേണ്ടി ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

11 (585) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങൾ

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി എത്ര വ്യവസായങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പുതിയ വനിതാ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെക്നോ പാർക്കിൽ പ്രവർത്തനം തുടങ്ങിയ എല്ലാ കമ്പനികളും (32 എണ്ണം) ലാഭകരമായി പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ സാമ്പത്തിക വർഷം (1998-99) ലാഭത്തിൽ പ്രവർത്തിക്കുന്നവയെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. ലാഭകരമായി പ്രവർത്തിക്കുന്ന ചെറുകിട വ്യവസായങ്ങളെയും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയെയും സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ടെക്നോപാർക്കിൽ 32 കമ്പനികളും കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 160 വ്യവസായ പദ്ധതികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുണ്ട്. 72.195 ചെറുകിട വ്യവസായങ്ങൾക്ക് ഈ കാലയളവിൽ സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾ 91 എണ്ണം; കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിലുള്ളവ 34 എണ്ണം പൊതുമേഖല - 1

(ഡി) ഉണ്ട്. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വനിതകൾക്കായി കൂട്ടുകുടുംബ സംരംഭം എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. ഒരു ഗ്രാമത്തിൽ ഓരോ മേഖലയിലും 5-ൽ കുറയാത്ത വനിതാ വ്യവസായ സംരംഭകർ നടത്തുന്ന ഗൃഹാടിസ്ഥാനത്തിലുള്ള ഗ്രൂപ്പിനെ മാതൃഘടകമായി കണക്കാക്കി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകൾക്ക് സാധാരണ ലഭ്യമായ ആനുകൂല്യങ്ങൾക്ക് പുറമേ മറ്റു നിരവധി ആനുകൂല്യങ്ങൾ വ്യവസായ നയത്തിൻമേൽ പറഞ്ഞ സംരംഭത്തിന് പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly